**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **08-12-2022 - ൽ മറുപടിയ്ക്ക്**

**കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ നിന്നും കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യുവാനുണ്ടെന്നത്, പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.04.2022 മുതൽ 30.09.2022 വരെ 879.24 കോടി രൂപയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 01.04.2022 മുതൽ 30.10.2022 വരെ 282.87 കോടി രൂപയും കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്. |
| (ബി) | സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കോൺട്രാക്ടർമാർക്ക് തുക മാറി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന തല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് സംസ്ഥാനത്തെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൃത്യമായ സമയക്രമം പാലിച്ച് തുക നൽകിവരുന്നതിനാൽ ഈ ക്രമീകരണം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന വിഷയം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ